# KTET Category-3
# Part-3

## Previous Year Paper
### Malayalam February
### 2019

Adda247

Test Prime

ALL EXAMS, ONE SUBSCRIPTION

80,000+ Mock Tests

Personalised Report Card

Unlimited Re-Attempt

600+ Exam Covered

20,000+ Previous Year Papers

500% Refund

IBPS

NABARD

ATTEMPT FREE MOCK NOW

Adda247 GET IT ON Google Play

## CATEGORY - III
### PART - 3
### Malayalam
### Question Numbers 71 to 150

71. ആരാച്ചാർ എന്ന നോവൽ രചിച്ചത് ആര്?
(A) കെ.ആർ.മീര
(B) ടി.ഡി. രാമകൃഷ്ണൻ
(C) തകഴി
(D) ഇന്ദുമേനോൻ

72. തോക്കിനും വാളിനും വേണ്ടി-
ച്ചെലവിട്ടോരിരുമ്പുകൾ
ഉരുക്കിവാർത്തെടുക്കാവൂ
ബലമുള്ള കലപ്പകൾ (ഇരുപതാം നൂറ്റാണ്ടിന്റെ ഇതിഹാസം) - ഈ കാവ്യഭാഗം ധ്വനിപ്പിക്കുന്ന ആശയം എന്ത്?
(A) തോക്കും വാളും നിർമ്മിക്കുന്നത് ഇരുമ്പുകൊണ്ടാണ്
(B) കലപ്പ നിർമിക്കാൻ പറ്റിയ ലോഹം ഇരുമ്പാണ്
(C) നാം ഹിംസാത്മകമായ പ്രവർത്തനങ്ങൾക്കായി വിഭവങ്ങൾ പാഴാക്കുന്നു
(D) തോക്കും വാളും ഉരുക്കുന്ന ഇരുമ്പു കൊണ്ട് കലപ്പ നിർമിക്കാനാവും

73. ബേപ്പൂർ സുൽത്താൻ എന്ന് സ്വയം വിശേഷിപ്പിച്ച സാഹിത്യപ്രതിഭ ആര്?
(A) അക്ബർ കക്കട്ടിൽ
(B) യു.എ.ഖാദർ
(C) വൈക്കം മുഹമ്മദ് ബഷീർ
(D) എം.ടി. വാസുദേവൻനായർ

74. ഏതു വിഭാഗത്തിൽപ്പെട്ട അക്ഷരങ്ങളെ ആണ് ഉയിരെഴുത്ത് എന്നു പറയുന്നത്?
(A) മൃദു അക്ഷരങ്ങൾ
(B) ഖരാക്ഷരങ്ങൾ
(C) സ്വരാക്ഷരങ്ങൾ
(D) അനുനാസികങ്ങൾ

75. 'ഓമനത്തിങ്കൾക്കിടാവോ' എന്ന താരാട്ടുപാട്ട് രചിച്ച കവി ആര്?
(A) ഉണ്ണായിവാരിയർ
(B) ഇരയിമ്മൻതമ്പി
(C) സ്വാതിതിരുനാൾ
(D) കരീന്ദ്രൻ

76. പുഞ്ചിരി, ഹാ, കുലീനമാം കള്ളം
നെഞ്ചു കീറി ഞാൻ നേരിനെക്കാട്ടാം
-ഇങ്ങനെ ആരംഭിക്കുന്ന കവിത ഏത്?
(A) വിഷുക്കണി
(B) രമണൻ
(C) കുടിയൊഴിക്കൽ
(D) കന്നിക്കൊയ്ത്ത്

77. വൃത്താന്തപത്രപ്രവർത്തനം എന്ന കൃതി രചിച്ചത് ആര്?
(A) വക്കം അബ്ദുൽഖാദർ
(B) കല്യാണിക്കുട്ടിയമ്മ
(C) സി.വി. രാമൻപിള്ള
(D) സ്വദേശാഭിമാനി രാമകൃഷ്ണപിള്ള

78. പ്രേഷകനായതു കമലജനോ തവ നൈഷധപുരമോ പരമപദം - ഇത് ആര് ആരോട് ചോദിക്കുന്നതാണ്?
   (A) ദമയന്തി നളനോട്
   (B) നളൻ ഹംസത്തോട്
   (C) ദമയന്തി ഹംസത്തോട്
   (D) ഹംസം നളനോട്

79. ഭാഷയ്ക്കും രസത്തിനും തുല്യ പ്രാധാന്യമുള്ള മണിപ്രവാളകാവ്യത്തെ ലീലാതിലകകാരൻ ഏതു വിഭാഗത്തിലാണ് ഉൾപ്പെടുത്തുന്നത് ?
   (A) ഉത്തമം
   (B) മധ്യമം
   (C) ഉത്തമകല്പം
   (D) അധമം

80. താഴെപ്പറയുന്നവയിൽ സാമ്യമൂലകാലങ്കാരത്തിൽപ്പെടാത്തത് ഏത്?
   (A) ഉപമ
   (B) ഉൽപ്രേക്ഷ
   (C) വിരോധാഭാസം
   (D) രൂപകം

81. താഴെപ്പറയുന്നവയിൽ നിഷേധാർത്ഥം സൂചിപ്പിക്കാനായി അകാരം ചേർത്ത പദം ഏത്?
   (A) അസാധ്യം
   (B) അത്യധികം
   (C) അക്കരെ
   (D) അക്കാരണം

82. ചലച്ചിത്രസമീക്ഷ എന്ന ഗ്രന്ഥം രചിച്ചത് ആര്?
   (A) അടൂർ ഗോപാലകൃഷ്ണൻ
   (B) കെ.ജി. ജോർജ്
   (C) വിജയകൃഷ്ണൻ
   (D) സി.വി. ബാലകൃഷ്ണൻ

83. ദ്രാവിഡഭാഷ എന്ന നിലയിൽ മലയാളം ഏത് കക്ഷ്യയിലാണ് ഉൾപ്പെടുന്നത് ?
   (A) വൈകൃതകക്ഷ്യ
   (B) സംശ്ലിഷ്ടകക്ഷ്യ
   (C) സംഘടിതകക്ഷ്യ
   (D) അപ്രഗ്രഥിതകക്ഷ്യ

84. അടുക്കളയിൽ നിന്ന് അരങ്ങത്തേക്ക് എന്ന കൃതി ഏതു വിഭാഗത്തിൽപ്പെടുന്നു ?
   (A) നോവൽ
   (B) നാടകം
   (C) സഞ്ചാരസാഹിത്യം
   (D) ശാസ്ത്രസാഹിത്യം

85. ഗ്രന്ഥാലോകം എന്ന ആനുകാലികത്തിന്റെ പ്രസാധകർ ആരാണ്?
   (A) കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിൽ
   (B) കേരള സാഹിത്യ അക്കാദമി
   (C) കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്
   (D) സാംസ്കാരിക വകുപ്പ്

86. എം.ആർ. നായരുടെ തൂലികാനാമം എന്ത്?
   (A) കേരളകാളിദാസൻ
   (B) കോവിലൻ
   (C) പ്രേംജി
   (D) സഞ്ജയൻ

Adda247 GET IT ON Google Play

87. പഞ്ചുമേനോൻ ഏതു നോവലിലെ കഥാപാത്രമാണ്?
    (A) അസുരവിത്ത്
    (B) മയ്യഴിപ്പുഴയുടെ തീരങ്ങളിൽ
    (C) മാർത്താണ്ഡവർമ്മ
    (D) ഇന്ദുലേഖ

88. ചുട്ടെഴുത്തിന് പിൻ വന്നാൽ
    മെയ്യേതും ദ്വിത്വമാർന്നിടും
    - എന്ന കാരികയിലെ നിയമം സാധൂകരിക്കുന്ന പദം ഏത്?
    (A) സത്കാരം
    (B) ഇക്കാര്യം
    (C) പുക്കാലം
    (D) വക്കാണം

89. മലയാഴ്മയുടെ വ്യാകരണം എന്ന ഗ്രന്ഥത്തിന്റെ കർത്താവ് ആര്?
    (A) പ്രൊഫ.എൻ.കൃഷ്ണപിള്ള
    (B) ഡോ.കെ. ഗോദവർമ്മ
    (C) റവ. ജോർജ് മാത്തൻ
    (D) ഏ.ആർ. രാജരാജവർമ്മ

90. ചർമ്മണ്വതിയും യമുനയും ഗംഗയും
    ചമ്പാപുരിവരെ മാറിമാറി
    വെൺനുരപൈതലെക്കൽക്കൊപ്പണിഞ്ഞീടിന
    തന്നലക്കൈകളാൽ താങ്ങിത്താങ്ങി
    - ആരെ പരിപാലിച്ചതിനെക്കുറിച്ചാണ് ഈ വരികളിൽ സൂചിപ്പിക്കുന്നത്?
    (A) കർണ്ണനെ
    (B) സീതയെ
    (C) ശ്രീകൃഷ്ണനെ
    (D) രാമനെ

91. ആവർ എന്ന പദത്തിൽ അടങ്ങിയിരിക്കുന്ന ഘടകങ്ങൾ ഏതെല്ലാം?
    (A) ക്രിയാധാതുവും വചനപ്രത്യയവും
    (B) നാമവും ലിംഗപ്രത്യയവും
    (C) ചുട്ടെഴുത്തും വചനപ്രത്യയവും
    (D) സർവനാമവും നാമപ്രത്യയവും

92. ശിഷ്യനും മകനും എന്ന കവിതയിൽ വള്ളത്തോൾ അവതരിപ്പിച്ചിരിക്കുന്ന ശിഷ്യൻ ആരാണ് ?
    (A) വിശ്വാമിത്രൻ
    (B) ദശരഥൻ
    (C) പരശുരാമൻ
    (D) ദുർവാസാവ്

93. ബഹുത്വസൂചന ഇല്ലാത്ത പദം ഏത് ?
    (A) അധ്യാപകർ
    (B) പണിക്കർ
    (C) ഗുരുവര്യന്മാർ
    (D) ദേവന്മാർ

94. 'അബു ആൺകുട്ടിയാണ്' എന്ന വാക്യത്തിൽ അടങ്ങിയിരിക്കുന്ന വിഭക്തി ഏത്?
    (A) പ്രതിഗ്രാഹിക
    (B) നിർദേശിക
    (C) ആധാരിക
    (D) സംയോജിക

Adda247
GET IT ON Google Play

95. താഴെപ്പറയുന്നവയിൽ പാട്ടുപ്രസ്ഥാനത്തിൽപ്പെടുന്ന കാവ്യം ഏത്?

(A) രാമചരിതം

(B) ഉണ്ണുനീലിസന്ദേശം

(C) കോകിലസന്ദേശം

(D) ഉമാകേരളം

96. വഞ്ചിപ്പാട്ടുകളിൽ പൊതുവായി ഉപയോഗിച്ചുവരുന്ന വൃത്തം ഏത്?

(A) കേക

(B) നതോന്നത

(C) മഞ്ജരി

(D) തരംഗിണി

97. തജജം ജഗംഗം എന്ന വിന്യാസക്രമത്തിലുള്ള വൃത്തം ഏത് ?

(A) വസന്തതിലകം

(B) മാലിനി

(C) കാകളി

(D) ഇന്ദ്രവജ്ര

98. ക്രിയോപകരണമായ കാരകം ഏത് ?

(A) സാക്ഷികാരകം

(B) കർമ്മകാരകം

(C) കർത്താവ്

(D) കരണകാരകം

99. കേരളസാഹിത്യ അക്കാദമിയുടെ അധ്യക്ഷനായ വൈശാഖൻ സാഹിത്യത്തിന്റെ ഏതു ശാഖയിലാണ് പ്രശസ്തി നേടിയത്?

(A) നോവൽ

(B) കവിത

(C) ചെറുകഥ

(D) നിരൂപണം

100. വെളിച്ചം തൂകിടുന്നോളം
പൂജാർഹം താനൊരാശയം
അതിരുണ്ടഴൽ ചാറുമ്പോൾ
പൊട്ടിയാട്ടുകതാൻ വരം - എന്ന് 'പൊട്ടി പുറത്ത്, ശീവോതി അകത്ത്' എന്ന കവിതയിൽ ഇടശ്ശേരി പറയുന്നതിന്റെ പൊരുൾ എന്ത്?

(A) വെളിച്ചം തൂകുന്നതിനെ പൂജിക്കണം

(B) പൂജാർഹമായതിനെ പൊട്ടിയാട്ടണം

(C) കാലഹരണപ്പെട്ട വിശ്വാസങ്ങൾ ഉപേക്ഷിച്ചാലേ സമൂഹം പുരോഗമിക്കുകയുള്ളൂ

(D) അഴൽ ഉണ്ടാകുമ്പോൾ വെളിച്ചം തൂകുന്നതാണ് പൂജാർഹമായ ആശയം

101. സംഖ്യാവിശേഷണം ചേർന്നാൽ ക്ലീബേ വേണ്ട ബഹുക്കുറി - എന്ന വ്യവസ്ഥ പാലിക്കാത്തത് ഏത്?

(A) നാലു സ്ത്രീകൾ

(B) ഏഴു യുവാക്കൾ

(C) രണ്ടു വീടുകൾ

(D) മൂന്നു മുയൽ

102. ഇവനെക്കൂടി എന്ന കവിതയിൽ സച്ചിദാനന്ദൻ അനുസ്മരിക്കുന്നത് ഏതു കവിയെയാണ് ?

(A) ഇടശ്ശേരിയെ

(B) വൈലോപ്പിള്ളിയെ

(C) ജി.ശങ്കരക്കുറുപ്പിനെ

(D) അയ്യപ്പപ്പണിക്കരെ

103. 'മനമിങ്ങു ഗുണം വരുമ്പൊഴും
വിനയെന്നോർത്തു വൃഥാ ഭയപ്പെടും
കനിവാർന്നു പിടിച്ചിണക്കുവാൻ
തുനിയുമ്പോൾ പിടയുന്ന പക്ഷിപോൽ."
(ചിന്താവിഷ്ടയായ സീത)

- ഈ കാവ്യഭാഗത്തെ അലങ്കാരം ഏത് ?

(A) ഉൽപ്രേക്ഷ

(B) അതിശയോക്തി

(C) ഉപമ

(D) രൂപകം

104. ഉമ്മാച്ചു എന്ന നോവൽ രചിച്ചത് ആര്?

(A) എം.ടി. വാസുദേവൻ നായർ

(B) എസ്. കെ. പൊറ്റക്കാട്

(C) തകഴി ശിവശങ്കരപ്പിള്ള

(D) ഉറൂബ്

105. 'വന്നാൽ' എന്ന പദത്തിന്റെ വ്യാകരണപരമായ സവിശേഷത എന്ത് ?

(A) അനുനാസികാതിപ്രസരം വന്നിട്ടില്ലാത്ത രൂപം

(B) പുരുഷഭേദനിരാസം വന്നിട്ടില്ലാത്ത രൂപം

(C) സ്വരസംവരണം വന്നിട്ടുള്ള രൂപം

(D) ഖിലോപസംഗ്രഹം സൂചിപ്പിക്കുന്ന പദം

106. കേരളപ്പഴമ എന്ന ഗ്രന്ഥം രചിച്ചത് ആര്?

(A) കേരളവർമ്മ വലിയകോയിത്തമ്പുരാൻ

(B) ഹെർമൻ ഗുണ്ടർട്ട്

(C) എ.ആർ. രാജരാജവർമ്മ

(D) കട്ടക്കയം ചെറിയാൻ മാപ്പിള

107. യൂണിവേഴ്സൽ ഗ്രാമർ എന്ന ആശയം അവതരിപ്പിച്ചത് ആര്?

(A) വൈഗോട്സ്കി

(B) നോം ചോംസ്കി

(C) ഹെർമൻ ഗുണ്ടർട്ട്

(D) ബെഞ്ചമിൻ ബെയ്‌ലി

108. ഘോഷി എന്ന വിഭാഗത്തിൽപ്പെടുന്ന വർണം ഏത് ?

(A) ല

(B) ര

(C) യ

(D) ഹ

109. പോയി നാമിത്തിരി വ്യാകരണം
വായിലാക്കീട്ടു വരുന്നു മനം
നാറിയിരുന്നപ്പോഴേ പോയ്ക്കഴിഞ്ഞു
നാനാ ജഗന്മനോരമ്യഭാഷ!

- ഇവിടെ കവി സൂചിപ്പിക്കുന്നത് എന്ത്?

(A) ജഗന്മനോരമ്യഭാഷയ്ക്ക് വ്യാകരണം അവശ്യമാണ്

(B) വ്യാകരണം ഭാഷയെ ദുർബലമാക്കുന്നു

(C) എല്ലാ ജീവജാലങ്ങളോടും സംവദിക്കാൻ കഴിയുന്ന മനോനൈർമല്യം ബാല്യത്തിന്റെ സവിശേഷതയാണ്

(D) ഭാഷ മനസ്സിനെ രമിപ്പിക്കുന്നതും ജഗത്തിന് മനോഹാരിത നൽകുന്നതുമാണ്

Adda247

GET IT ON Google Play

110. രവി, അള്ളാപ്പിച്ചമൊല്ലാക്ക എന്നിവർ കഥാപാത്രങ്ങളായ നോവൽ ഏത്?

(A) ഖസാക്കിന്റെ ഇതിഹാസം

(B) സ്മാരകശിലകൾ

(C) ബാല്യകാലസഖി

(D) പാത്തുമ്മായുടെ ആട്

111. പിൻവിനയെച്ചത്തിന് ഉദാഹരണം ഏത്?

(A) പോകാൻ പറഞ്ഞു

(B) വന്നാൽ കാണാം

(C) ചെയ്യുകാര്യം

(D) കണ്ടുവരുന്നു

112. പലമതസാരവുമേകമെന്നു പാരാ-

തുലകിലൊരാനയിലന്ധരെന്നപോലെ

പല വിധ യുക്തി പറഞ്ഞു പാമരന്മാ-

രലവതു കണ്ടലയാതമർന്നിടേണം.

(ശ്രീനാരായണഗുരു)

- ഈ കാവ്യഭാഗത്തിന്റെ സാരവുമായി ഏറ്റവും അടുത്തു നിൽക്കുന്ന പ്രസ്താവന ഏത്?

(A) മതസാരം ഉൾക്കൊള്ളാൻ പാമരന്മാർക്കും കഴിയും

(B) മതസാരം അറിയുന്നവരാണ് പണ്ഡിതന്മാർ

(C) എല്ലാ മതങ്ങളും സാരാംശത്തിൽ ഒന്നാണെന്ന് അറിയാത്ത പാമരന്മാർ കലഹംകൂടുന്നു

(D) യുക്തി പറയുന്നത് പാമരലക്ഷണമാണ്

113. ചൂഷണവിധേയനായി ദാരിദ്ര്യത്തിന്റെയും ദുരിതത്തിന്റെയും കയത്തിൽ അകപ്പെട്ട ഒരധ്യാപകന്റെ ദയനീയമായ ജീവിതം ചിത്രീകരിക്കുന്ന കാരൂർക്കഥ ഏത് ?

(A) പൂവമ്പഴം

(B) മരപ്പാവകൾ

(C) പൊതിച്ചോറ്

(D) ചുടലത്തെങ്ങ്

114. ഹാജിയാർ, പയ്യൻസ് എന്നീ കഥാപാത്രങ്ങളെ അവതരിപ്പിച്ച കഥാകാരൻ ആര്?

(A) കോവിലൻ

(B) യു.എ.ഖാദർ

(C) വൈക്കം മുഹമ്മദ് ബഷീർ

(D) വി.കെ.എൻ.

115. കവിതയും മനശ്ശാസ്ത്രവും എന്ന നിരൂപണഗ്രന്ഥത്തിൽ പ്രധാനമായും വിശകലനം ചെയ്യപ്പെടുന്നത് ആരുടെ രചനകളാണ്?

(A) എം.എൻ.വിജയൻ

(B) വൈലോപ്പിള്ളി ശ്രീധരമേനോൻ

(C) ഇടശ്ശേരി ഗോവിന്ദൻ നായർ

(D) ജി. ശങ്കരക്കുറുപ്പ്

116. വെള്ളപ്പൊക്കത്തിൽപ്പെട്ട ഒരു നായയുടെ ദുരിതപൂർണമായ ജീവിതാന്ത്യം ചിത്രീകരിക്കുന്ന വെള്ളപ്പൊക്കത്തിൽ എന്ന കഥ രചിച്ചത് ആര് ?

(A) എസ്.വി.വേണുഗോപൻനായർ

(B) പി.കേശവദേവ്

(C) തകഴി ശിവശങ്കരപ്പിള്ള

(D) ഒ.വി. വിജയൻ

Adda247
GET IT ON Google Play

117. ദൈവത്തിന്റെ കണ്ണ് എന്ന നോവലിൽ പ്രതിപാദിക്കപ്പെടുന്ന ചരിത്രപുരുഷൻ ആര്?

(A) മുഹമ്മദ് അബ്ദുറഹ്മാൻ

(B) വൈക്കം മുഹമ്മദ് ബഷീർ

(C) എൻ.പി. മുഹമ്മദ്

(D) വക്കം അബ്ദുൽ ഖാദർ

118. രസാചർച്ചയ്ക്ക് തുടക്കം കുറിച്ച കൃതി ഏത്?

(A) ധ്വന്യാലോകം

(B) വക്രോക്തി ജീവിതം

(C) നാട്യശാസ്ത്രം

(D) കാവ്യാലങ്കാരം

119. നളചരിതം ആട്ടക്കഥയ്ക്ക് കാന്താരതാരകം എന്ന വ്യാഖ്യാനം തയ്യാറാക്കിയത് ആര് ?

(A) ഉള്ളൂർ എസ് പരമേശ്വരയ്യർ

(B) എ.ആർ. രാജരാജവർമ്മ

(C) എം.എച്ച്.ശാസ്ത്രി

(D) കുട്ടിക്കൃഷ്ണമാരാർ

120. തുള്ളൽക്കൃതികളിൽ കുഞ്ചൻനമ്പ്യാർ സ്മരിക്കുന്ന തെക്കൻപാട്ടു നായകൻ ആര്?

(A) ഇരവിക്കുട്ടിപ്പിള്ള

(B) അഞ്ചുതമ്പുരാൻ

(C) ഉലകുടപെരുമാൾ

(D) രാമയ്യൻ

121. അധ്യാപിക തയാറാക്കുന്ന റിഫ്ലക്ഷൻ നോട്ടിന്റെ പ്രയോജനങ്ങളിൽ പെടാത്തത് ഏത് ?

(A) എസ്.ആർ.ജി. യോഗത്തിൽ അവതരിപ്പിക്കുന്നതിന്

(B) ടേം മൂല്യനിർണയത്തിന് ചോദ്യങ്ങൾ തയാറാക്കാൻ

(C) സി.ഇ. യുടെ ക്രോഡീകരണത്തിന്

(D) തുടർ ആസൂത്രണത്തിനു സഹായകമാവാൻ

122. ടേം വിലയിരുത്തലിന്റെ ഉദ്ദേശ്യങ്ങളിൽ പെടാത്തത് ഏത് ?

(A) ഓരോ കുട്ടിയുടെയും ലേഖനത്തിലെ മികവുകളും പരിമിതികളും തിരിച്ചറിയുക

(B) ഒരു നിശ്ചിത ഘട്ടത്തിൽ കുട്ടി നേടിയ പഠനനേട്ടങ്ങളെക്കുറിച്ച് ധാരണ നേടുക

(C) കുട്ടിയുടെ ശാരീരികവും മാനസികവുമായ പ്രശ്നങ്ങൾ തിരിച്ചറിയുക

(D) കുട്ടികളുടെ നിലവാരം തിരിച്ചറിയുക

123. ക്രിയാഗവേഷണം എന്ന ആശയം വിദ്യാഭ്യാസരംഗത്ത് ആവിഷ്കരിച്ചത് ആര്?

(A) സ്റ്റീഫൻ എം.കോറി

(B) റോബർട്ട് ഗാഗ്നേ

(C) ജെറോം.എസ്.ബ്രൂണർ

(D) ജീൻ പിയാഷെ

Adda247

GET IT ON Google Play

124. ഉപന്യാസരചനയുമായി ബന്ധപ്പെട്ട നാല് പ്രവർത്തനങ്ങൾ നൽകിയിരിക്കുന്നു. ഇവയിൽ അറിവുനിർമ്മാണക്ലാസ്സുമായി പൊരുത്തപ്പെടുന്നത് ഏത്?

(A) അധ്യാപിക കുട്ടികൾക്ക് പറഞ്ഞുകൊടുത്ത് എഴുതിക്കുന്നു

(B) അനുയോജ്യമായ വായനാസാമഗ്രികൾ നൽകി ക്ലാസ്സിൽ ചർച്ച നടത്തുന്നു

(C) ഉപന്യാസവിഷയം നൽകി ഗൃഹപാഠമായി തയാറാക്കാൻ നിർദേശിക്കുന്നു

(D) അധ്യാപിക സൂചനകൾ നൽകി എഴുതാൻ നിർദേശിക്കുന്നു

125. മെന്റർ എന്ന നിലയിൽ അധ്യാപകന്റെ ചുമതലകളിൽ പെടാത്തത് ഏത്?

(A) ഓരോ കുട്ടിയുടെയും വ്യക്തിപരവും കുടുംബപരവുമായ പശ്ചാത്തലം മനസ്സിലാക്കുന്നു

(B) മറ്റു കുട്ടികളുമായി താരതമ്യം ചെയ്തു മെച്ചപ്പെടുത്തുന്നു

(C) കുട്ടികൾക്ക് സ്നേഹവും പരിഗണനയും നൽകുന്ന സഹരക്ഷിതാവാകുന്നു

(D) കുട്ടികളുടെ മികവുകളും പരിമിതികളും രക്ഷിതാക്കളുമായി പങ്കിടുന്നു

126. ടീച്ചിംഗ് മാന്വലിന്റെ പ്രതികരണപേജിൽ ഉൾപ്പെടാത്തത് ഏത് ?

(A) പഠനപ്രക്രിയയുടെ വിശദാംശങ്ങൾ

(B) ഉപയോഗിച്ച പഠനതന്ത്രങ്ങളെക്കുറിച്ച് അധ്യാപികയുടെ വിലയിരുത്തൽ

(C) കുട്ടികളുടെ ശ്രദ്ധേയമായ പ്രതികരണങ്ങൾ

(D) പഠനോപകരണങ്ങളെക്കുറിച്ചുള്ള വിലയിരുത്തൽ

127. അക്ഷരം-പദം-വാക്യം ഈ ക്രമത്തിലുള്ള വായനാരീതിക്കു പറയുന്ന പേര് എന്ത് ?

(A) മിശ്രരീതി

(B) പദാവതരണരീതി

(C) അക്ഷരാവതരണരീതി

(D) ആശയാവതരണരീതി

128. കുട്ടികളുടെ നോട്ടുപുസ്തകം വിലയിരുത്താനുള്ള സൂചകങ്ങളിൽ പ്രസക്തമല്ലാത്തത് ഏത്?

(A) ക്ലാസ്സിൽ നടന്ന പഠനപ്രക്രിയ പ്രതിഫലിപ്പിക്കുന്നുണ്ട്

(B) ക്ലാസ്സിൽ നടന്ന ചർച്ചകൾ കുട്ടിക്കു നൽകിയ തിരിച്ചറിവുകൾ, കുട്ടിയുടെ ചിന്തകൾ എന്നിവ പ്രതിഫലിപ്പിക്കുന്നുണ്ട്

(C) കുട്ടികളുടെ ഓർമ്മശക്തി പ്രതിഫലിക്കുന്നുണ്ട്

(D) ആശയങ്ങൾ ചിട്ടയായി രേഖപ്പെടുത്തിയിട്ടുണ്ട്

Adda247

GET IT ON Google Play

129. ആർ.ടി.ഇ. (2009) അനുസരിച്ച് 6 മുതൽ 8 വരെയുള്ള ക്ലാസ്സുകളിലെ കുട്ടികൾക്കു ലഭിക്കേണ്ട പഠനസമയം

(A) 220 പ്രവൃത്തിദിവസങ്ങളും 1000 മണിക്കൂർ ബോധനസമയവും

(B) 200 പ്രവൃത്തിദിവസങ്ങളും 800 മണിക്കൂർ ബോധനസമയവും

(C) 240 പ്രവൃത്തിദിവസങ്ങളും 1200 മണിക്കൂർ ബോധനസമയവും

(D) ഇവയൊന്നുമല്ല

130. പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികൾക്കായി പഠനനേട്ടങ്ങൾ, പഠന പ്രവർത്തനങ്ങൾ, മൂല്യനിർണയം തുടങ്ങിയ മേഖലകളിൽ വരുത്തുന്ന ക്രമീകരണത്തിനു പറയുന്ന പേര് ?

(A) ക്രിയാഗവേഷണം

(B) അനുരൂപീകരണം

(C) സമായോജനം

(D) ഡയറക്ട് ഗ്രേഡിംഗ്

131. പഠനത്തെ വിലയിരുത്താനുള്ള ഉപാധികളിൽ പെടാത്തത് ഏത്?

(A) യൂണിറ്റ് ടെസ്റ്റ്

(B) അഭിമുഖം

(C) ടേം വിലയിരുത്തൽ

(D) കോപ്പിയെഴുത്ത്

132. മറ്റു വ്യക്തികളെ അറിയാനും അവരുമായി സംവദിക്കാനും ആഹ്ലാദകരമായ സൗഹൃദങ്ങൾ സ്ഥാപിക്കാനും ഉള്ള ശേഷി സൂചിപ്പിക്കുന്ന ബുദ്ധിയുടെ തലം ഏത്?

(A) സംഗീതാത്മകബുദ്ധി (Musical intelligence)

(B) വ്യക്തിപരസ്പര്യ ബുദ്ധി (Interpersonal intelligence)

(C) ആത്മദർശന ബുദ്ധിശക്തി (Intrapersonal intelligence)

(D) വാചിക/ഭാഷാപര ബുദ്ധിശക്തി (Verbal/Linguistic intelligence)

133. ഹൈസ്കൂൾതലത്തിൽ നിലവിലുള്ള ഗ്രേഡിംഗ് രീതി

(A) 5 പോയിന്റ് ഗ്രേഡിംഗ്

(B) 3 പോയിന്റ് ഗ്രേഡിംഗ്

(C) 9 പോയിന്റ് ഡയറക്ട് ഗ്രേഡിംഗ്

(D) 9 പോയിന്റ് ഗ്രേഡിംഗ്

134. കുട്ടികളുടെ ലേഖനപരമായ പ്രശ്നങ്ങളിൽ ഉൾപ്പെടുന്നത് ഏത് ?

(A) അക്ഷരം, പദം എന്നിവയിൽ അകലം പാലിച്ചുകൊണ്ട് വാക്യം രചിക്കുന്നു

(B) അക്ഷരങ്ങൾ വ്യക്തമായി എഴുതുന്നു

(C) ശരിയായ ചിഹ്നം പാലിച്ചുകൊണ്ട് എഴുതുന്നു

(D) വിവിധ വലിപ്പത്തിലുള്ള അക്ഷരങ്ങൾ ഇടകലർത്തി എഴുതുന്നു

Adda247

GET IT ON
Google Play

135. പ്രീപ്രൈമറി മുതൽ ഹയർസെക്കൻഡറി വരെ ക്ലാസുകളിലെ കുട്ടികൾക്കും അധ്യാപകർക്കും ആവശ്യമായ അക്കാദമിക പിന്തുണ ഉറപ്പാക്കുന്നതിനായി രൂപപ്പെടുത്തിയിട്ടുള്ള സംവിധാനത്തിന്റെ പേര്

**(A)** സമഗ്രശിക്ഷ
(B) സർവശിക്ഷാ അഭിയാൻ
(C) പഞ്ചായത്ത് എഡ്യൂക്കേഷൻ കമ്മറ്റി
(D) ഹയർസെക്കൻഡറി ഡയറക്ടറേറ്റ്

136. അക്ഷരാഭ്യസനവുമായി ബന്ധപ്പെട്ട് നാല് അധ്യാപകർ നടത്തിയ പ്രവർത്തനങ്ങൾ തന്നിരിക്കുന്നു. ഇതിൽ അറിവുനിർമ്മാണ ക്ലാസുമായി ബന്ധപ്പെട്ടത് ഏത്?

(A) അക്ഷരങ്ങൾ ആവർത്തിച്ച് എഴുതിക്കുന്നു
(B) കേട്ടെഴുത്ത് നൽകുന്നു
**(C)** അക്ഷരങ്ങൾ, പദങ്ങൾ ഇവ അർത്ഥപൂർണമായി വരുന്ന പുനരനുഭവങ്ങൾ നൽകുന്നു
(D) കുട്ടികളുടെ എഴുത്ത് അധ്യാപിക നേരിട്ടു വിലയിരുത്തി ആ സമയത്തുതന്നെ തിരുത്തുന്നു

137. താഴെ തന്നിരിക്കുന്നവയിൽ ജ്ഞാനനിർമ്മിതിവാദവുമായി യോജിക്കുന്ന പ്രസ്താവന ഏത്?

(A) ആവർത്തനത്തിലൂടെയാണ് ആശയങ്ങൾ പ്രബലനം ചെയ്യപ്പെടുന്നത്
**(B)** കുട്ടി അറിവിന്റെ നിർമ്മാതാവാണ്
(C) പഠനമെന്നത് ബാഹ്യചോദനകളോടുള്ള പ്രതികരണമാണ്
(D) കുട്ടി ഒഴിഞ്ഞ പാത്രമാണ്

138. സന്നദ്ധതാനിയമം ആവിഷ്കരിച്ചത് ആര്?

**(A)** തോൺഡൈക്
(B) സ്കിന്നർ
(C) പാവ്ലോവ്
(D) കർട്ട്ലെവിൻ

139. രണ്ടു കവിതാഭാഗങ്ങളുടെ താരതമ്യക്കുറിപ്പ് വിലയിരുത്താൻ തയാറാക്കിയ സൂചകങ്ങളിൽ പ്രസക്തമല്ലാത്തത് ഏത്?

(A) രണ്ടു കവിതാഭാഗങ്ങളുടെയും ആശയം തിരിച്ചറിഞ്ഞിട്ടുണ്ട്
**(B)** മറ്റു കവിതാഭാഗങ്ങൾ സൂചിപ്പിച്ചിട്ടുണ്ട്
(C) കാവ്യഭാഗങ്ങളിലെ ആശയങ്ങളുടെ സാമ്യങ്ങൾ കണ്ടെത്തിയിട്ടുണ്ട്
(D) കാവ്യഭാഗങ്ങളിലെ ആശയങ്ങളുടെ വ്യത്യാസങ്ങൾ കണ്ടെത്തിയിട്ടുണ്ട്

140. കവിതാസ്വാദനത്തിന്റെ പ്രധാന ലക്ഷ്യങ്ങളിൽ ഉൾപ്പെടാത്തത് ഏത്?

(A) കവിതയുടെ ആശയം കണ്ടെത്തൽ
(B) പ്രയോഗപരമായ സവിശേഷതകൾ തിരിച്ചറിയൽ
(C) കവിത താളത്തിലും ഈണത്തിലും ആലപിക്കൽ
**(D)** വ്യാകരണനിയമങ്ങൾക്ക് തെളിവുകൾ ശേഖരിക്കൽ

141. ഭാഷാസ്വാംശീകരണ ഉപകരണ (Language acquisition device) എന്ന ആശയം മുന്നോട്ടു വെച്ചത് ആര്?

(A) വിഗോട്സ്കി
(B) ജെറോം എസ് ബ്രൂണർ
**(C)** നോം ചോംസ്കി
(D) ജീൻ പിയാഷെ

Adda247
GET IT ON Google Play

142. കഥാപാത്ര നിരൂപണം വിലയിരുത്തുന്നതിനായി തയാറാക്കിയ മൂല്യനിർണയ സൂചകങ്ങളിൽ പ്രസക്തമല്ലാത്തത് ഏത്?

(A) കഥാപാത്രത്തിന്റെ സവിശേഷതകൾ തിരിച്ചറിഞ്ഞിട്ടുണ്ട്

(B) കഥാപാത്രത്തിനു കഥയിലുള്ള പ്രാധാന്യം തിരിച്ചറിഞ്ഞിട്ടുണ്ട്

(C) കഥാകൃത്തിന്റെ മറ്റു കഥകൾ വിശകലനം ചെയ്തിട്ടുണ്ട്

(D) കഥാപാത്രത്തിന്റെ സംഭാഷണങ്ങൾ, പ്രവൃത്തികൾ എന്നിവ വിശകലനം ചെയ്തിട്ടുണ്ട്

143. താഴെ തന്നിരിക്കുന്നവയിൽ അറിവുനിർമ്മാണത്തിനു സജ്ജമായ ക്ലാസ് മുറിയുടെ സവിശേഷതയായി പരിഗണിക്കുന്നത് ഏത്?

(A) ക്ലാസിൽ മുഴുവൻ സമയവും അധ്യാപകൻ ആശയങ്ങൾ അവതരിപ്പിക്കുന്നു

(B) കുട്ടികൾ പാഠപുസ്തകം ആവർത്തിച്ച് വായിച്ച് ചോദ്യങ്ങൾക്ക് ഉത്തരമെഴുതുന്നു

(C) കുട്ടികൾ സംഘങ്ങളിൽ ആശയം ചർച്ച ചെയ്ത് കണ്ടെത്തലുകൾ പൊതുവായി അവതരിപ്പിക്കുന്നു

(D) കുട്ടികളുടെ ഭാഷാപരമായ തെറ്റുകൾ കണ്ടെത്തി അപ്പപ്പോൾത്തന്നെ തിരുത്തുന്നു

144. അറിവുനിർമ്മാണം നടക്കുന്ന ക്ലാസ് മുറിയിലെ അധ്യാപകരെക്കുറിച്ചുള്ള കാഴ്ചപ്പാടിനോട് യോജിക്കുന്ന പ്രസ്താവന ഏത്?

(A) പഠന സാഹചര്യങ്ങൾ ഒരുക്കി കൊടുക്കുന്ന ആൾ

(B) കുട്ടികളോട് കൃത്യമായ അകൽച്ച പാലിക്കുന്ന വ്യക്തി

(C) പാഠ പുസ്തകത്തിലെ പ്രവർത്തനങ്ങൾ മാത്രം നൽകുന്ന വ്യക്തി

(D) സമയാസമയങ്ങളിൽ ശിക്ഷകൾ നൽകി മുന്നോട്ടു നയിക്കുന്ന വ്യക്തി

145. വിദ്യാഭ്യാസ പ്രവർത്തനങ്ങൾക്കായി കേരള സർക്കാറിന്റെ ആഭിമുഖ്യത്തിൽ പ്രവർത്തിക്കുന്ന ടെലിവിഷൻ ചാനൽ ഏത് ?

(A) കൈരളി

(B) ദൂരദർശൻ

(C) സിമാറ്റ്

(D) വിക്ടേഴ്സ്

146. ഭാഷാ പഠനവുമായി ബന്ധപ്പെട്ട് പ്രാദേശികഭാഷകളോടുള്ള സമീപനം ഏത്?

(A) കുട്ടികളുടെ പ്രാദേശികഭാഷ തിരിച്ചറിഞ്ഞ് പ്രയോജനപ്പെടുത്തണം

(B) ക്ലാസ് മുറിയിൽ പ്രാദേശികഭാഷ ഒട്ടും പരിഗണിക്കരുത്

(C) സംസാരിക്കുമ്പോൾ മാത്രമേ പ്രാദേശികഭാഷ ഉപയോഗിക്കാവൂ

(D) കുട്ടികൾ പ്രാദേശികഭാഷയും അധ്യാപകൻ മാനകഭാഷയും ഉപയോഗിക്കണം

Adda247
GET IT ON Google Play

147. കുട്ടികളുടെ പോർട്ട്ഫോളിയോയിൽ ഉൾപ്പെടാത്തത് ഏത് ?

(A) കുട്ടികൾ തയാറാക്കുന്ന രചനകൾ

(B) കുട്ടികളുടെ നോട്ടുപുസ്തകം

(C) ശേഖരങ്ങൾ, ചിത്രങ്ങൾ

(D) പാഠപുസ്തകങ്ങൾ

148. നിരന്തരമൂല്യനിർണയം എന്ന ആശയവുമായി യോജിക്കാത്ത പ്രസ്താവന ഏത്?

(A) തുടർപഠനാസൂത്രണത്തിന് അധ്യാപികയെ സഹായിക്കാൻ

(B) കുട്ടികളുടെ പഠനനേട്ടങ്ങൾ രക്ഷിതാക്കളുമായി പങ്കു വെക്കാൻ

(C) കുട്ടികളെ ഗ്രേഡ് തിരിക്കുന്നതിന്

(D) കുട്ടികളുടെ മികവും പരിമിതിയും സംബന്ധിച്ച സൂചന നല്കി അവരിൽ ആത്മവിശ്വാസം ജനിപ്പിക്കുന്നതിന്

149. പാഠാസൂത്രണം തയാറാക്കുന്നതുമായി ബന്ധമില്ലാത്ത പ്രസ്താവന ഏത്?

(A) പഠനനേട്ടങ്ങൾ പരിഗണിക്കണം

(B) കുട്ടികളുടെ മാനസികനിലവാരം പരിഗണിക്കണം

(C) പഠനസാമഗ്രികളുടെ ഉപയോഗം ഉറപ്പു വരുത്തുന്നതായിരിക്കണം

(D) അധ്യാപകന്റെ അറിവുകൾ മാത്രം പരിഗണിക്കുന്നതായിരിക്കണം

150. അറിവ് നിർമ്മാണ രീതിയിൽ പദങ്ങളുടെ അർത്ഥഗ്രഹണവുമായി ബന്ധപ്പെട്ട് നല്കാവുന്ന പ്രവർത്തനങ്ങളിൽ പെടാത്തത് ഏത്?

(A) അർത്ഥവ്യത്യാസം സംശയമില്ലാത്ത വിധം നേരിട്ട് അവതരിപ്പിക്കൽ

(B) നിഘണ്ടു നോക്കി അർത്ഥം കണ്ടെത്താനുള്ള അവസരം ഒരുക്കൽ

(C) ഒരേ പദത്തിന് അർത്ഥവ്യത്യാസം വരുന്ന വിവിധ സന്ദർഭങ്ങൾ ചർച്ച ചെയ്യൽ

(D) വാക്യങ്ങളിലെ പദങ്ങളുടെ അർത്ഥം ഊഹിച്ച് പറയാനും പരിശോധിക്കാനും അവസരം ഒരുക്കൽ

- o O o -

Adda247